## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: T 3206

25.06.2012 ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കെതിരെ നടപടി

**ചോദ്യം**

ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. സാജു പോൾ
ശ്രീ.റ്റി.വി. രാജേഷ്
ശ്രീ. ബി. സത്യൻ

(എ) വിദ്യാഭ്യാസ വായ്പ ലഭിക്കാത്തതു കാരണം വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വിദ്യാഭ്യാസ വായ്പയ്ക്ക് ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്ക് എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് വായ്പ നൽകില്ലെന്ന ബാങ്കുകളുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു കേസ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നതു സംബന്ധിച്ച പരാതികൾ സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടുവരുന്നുണ്ട്. ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് പ്രത്യേകിച്ച് അധികാരമില്ല. വിദ്യാഭ്യാസ വായ്പയ്ക്ക് **10%** മുതൽ **16.75%** വരെ പലിശ ഈടാക്കുന്നുണ്ട്.

(ബി) മെറിറ്റ് അടിസ്ഥാനപ്പെടുത്തി യുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു ഏകീകൃത മാർഗ്ഗനിർദ്ദേശം ഇന്ത്യൻ ബാങ്ക്സ് അസോസ്സിയേഷൻ (IBA) പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാനേജ്മെന്റ് ക്വാട്ട വഴിയുള്ള പ്രവേശനം ടി മാർഗ്ഗനിർദ്ദേശത്തിന്റെ പരിധിയിൽ വരുന്നില്ല. ഇതു സംബന്ധിച്ച നയം നിശ്ചയിക്കാനുള്ള അധികാരം നിലവിൽ അതാത് ബാങ്കുകളിൽ നിക്ഷിപ്തമാണ്.

(2)

മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് വായ്പ നിഷേധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും മാനേജ്മെന്റ് ക്വാട്ട വഴിയുള്ള പ്രവേശനത്തിന് കൂടി ഒരു ഏകീകൃതനയമെന്ന ആവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) വിദ്യാഭ്യാസ വായ്പാ നടപടികൾ ലഘൂകരിക്കുന്നതിനും പലിശ നിരക്ക് കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(സി) വിദ്യാഭ്യാസ വായ്പാ നടപടികൾ ലഘൂകരിക്കാനും, പലിശനിരക്ക് ഏകീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ